# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 16**

---

## എം.ജി സർവകലാശാലയുടെ കോളജുകളിൽ ബിരുദം; ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനത്തിലൂടെയുള്ള പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.*

*അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഉറപ്പാക്കണം. സ്ഥിര പ്രവേശനം നേടുന്നവർ കോളജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസ് അടയ്ക്കണം.*

*താത്കാലിക പ്രവേശനത്തിന് കോളജുകളിൽ എത്തേ  തില്ല. സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് താത്കാലിക പ്രവേശനം തിരഞ്ഞെടുത്താൽ മതിയാകും. ഓൺലൈനിൽ ലഭിക്കുന്ന അലോട്ട്മെന്റ് മെമ്മോ  കോളജിൽ നൽകി ജൂൺ 19നു മുൻപ് താത്കാലിക പ്രവേശനം ഉറപ്പാക്കണം. പ്രവേശനം ഉറപ്പാക്കിയതിന്റെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.പ്രവേശനവുമായി ബന്ധപ്പെട്ട് പരാതികൾ ഉ  ങ്കിൽ സമർപ്പിക്കുന്നതിന് ഈ സ്ലിപ്പ് ആവശ്യമാണ്.*

*ഒന്നാം ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കാൻ കഴിയില്ല. ജൂൺ 19ന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം പ്രവേശനം ഉറപ്പാക്കാത്തവരുടെയും അലോട്ട്മെന്റ് റദ്ദാകും.*

*(പി.ആർ.ഒ/39/1694/2025)*

## കമ്യൂണിറ്റി മെറിറ്റ് ക്വാട്ട; അന്തിമ റാങ്ക് ലിസ്റ്റ്

*എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ കമ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പ്രവേശനത്തിനുള്ള അന്തിമ*

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിക്കു മുൻപ് പ്രവേശനം ഉറപ്പാക്കണം.

(പി.ആർ.ഒ/39/1695/2025)

## പരീക്ഷാ തീയതി

ര ാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2025) പരീക്ഷകൾ ജൂൺ 30 മുതൽ നടക്കും.

...........................................

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നാം സെമസ്റ്റർ എൽഎൽഎം (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ര ാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ ര ു മുതൽ നടക്കും

...........................................

അഫിലിയേറ്റഡ് കോളജുകളിലെ മൂന്നാം സെമസ്റ്റർ എൽഎൽഎം (2023 അഡ്മിഷൻ റഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ എട്ടു മുതൽ നടക്കും.

...........................................

ര ാം സെമെസ്റ്റർ ബിവോക് (പുതിയ സ്കീം -2024 അഡ്മിഷൻ റഗുലർ,2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾ ജൂൺ 30 മുതൽ നടക്കും.

...........................................

ഒന്നും ര ും സെമെസ്റ്റർ ബിആർക് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡിമിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ എട്ടു മുതൽ നടക്കും.

(പി.ആർ.ഒ/39/1696/2025)

## പ്രോജക്ട് ഇവാലുവേഷൻ

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എസ്സി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (സിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ-അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷകൾ ജൂൺ 18 മുതൽ കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ

## വൈവ വോസി

മൂന്നും നാലും സെമസ്റ്റർ എംഎ അറബിക് (പ്രൈവറ്റ് രജിസ്ട്രേഷൻ 2023

*അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പീറൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷകൾ ജൂൺ 18 ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*..............................................*

*നാലാം സെമസ്റ്റർ എംഎസ്സി ഡാറ്റാ അനലിറ്റിക്സ് (സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്ട് വൈവ വോസി പരീക്ഷകൾ ജൂൺ 23,24 തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1697/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**